# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3055

07/02/2018-ൽ
മറുപടിയ്ക്ക്

## <u>ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം</u>

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ് :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

<table>
<tr>
<td>(എ)</td>
<td>സംസ്ഥാനത്തെ സർക്കാർ എയിഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസവേതനം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;</td>
<td rowspan="2">(എ)<br>&<br>(ബി)</td>
<td rowspan="2">സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് യു.ജി.സി നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത (നെറ്റ്/പി.എച്ച്.ഡി) നേടിയവർക്ക് മണിക്കൂറിൽ 500 രൂപ നിരക്കിലും അല്ലാത്തവർക്ക് 300 രൂപ നിരക്കിലുമാണ് നിലവിൽ പ്രതിഫലം നല്കുന്നത്. ജി.ഒ(പി) നമ്പർ 56/2017/ഫിൻ തീയതി 28.04.2017 പ്രകാരം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ദിവസവേതനമായി 1470/- രൂപ അനുവദനീയമാണെങ്കിലും അതിഥി അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത ഉത്തരവ് അനുസരിച്ച് പ്രതിഫലം നല്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഗസ്റ്റ് ലക്ചറർമാരുടെ വേതനം മണിക്കൂറിൽ നിശ്ചിത തുകയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.</td>
</tr>
<tr>
<td>(ബി)</td>
<td>സേവന, വേതന വ്യവസ്ഥയിലെ അപാകത പരിഹരിക്കുന്നതിനും ദിവസവേതനം വർദ്ധിപ്പിക്കുന്നതിനും ലീവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**